"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഗതാഗത വകുപ്പ്-കേരള ധനകാര്യവകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി.ശ്രീ. ഷൈൻ ജെ-യുടെ കേരള റോഡ് സുരക്ഷാ അതോറിറ്റിയിലെ അക്കൗണ്ട്സ് ഓഫീസർ തസ്തികയിലുള്ള ഡെപ്യൂട്ടേഷൻ കാലാവധി 19.06.2024 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി നീട്ടി നല്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഗതാഗത(ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.291/2024/TRANS തീയതി,തിരുവനന്തപുരം, 31-07-2024

---

പരാമർശം:- 1) സ.ഉ(സാധാ) നം.160/2023/ഗതാഗത തീയതി 27.04.2023
2) സ.ഉ(സാധാ) നം.4822/2023/ പൊ.ഭ.വ തീയതി-25.10.2023
3) കേരള റോഡ് സുരക്ഷാ കമ്മീഷണറുടെ 14.06. 2024 - ലെ KRSA/158/2023-A1 നമ്പർ കത്ത്

**ഉത്തരവ്**

ധനകാര്യ വകുപ്പിലെ അണ്ടർ സെക്രട്ടറി ആയിരുന്ന ശ്രീ. ഷൈൻ ജെ.യെ പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ അക്കൗണ്ട്സ് ഓഫീസർ ആയി ഒരു വർഷത്തേക്ക് ഡെപ്യൂട്ടേഷനിൽ നിയമിച്ചിരുന്നു. തുടർന്ന് പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം ശ്രീ. ഷൈൻ ജെ യ്ക്ക് ഡെപ്യൂട്ടി സെക്രട്ടറി ആയി പ്രൊമോഷൻ നൽകുകയും റോഡ് സുരക്ഷാ അതോറിറ്റിയിൽ അക്കൗണ്ട്സ് ഓഫീസർ തസ്തികയിൽ തുടരുന്നതിന് അനുമതി നൽകുകയും ചെയ്തിരുന്നു.

(2) പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം ഡെപ്യൂട്ടി സെക്രട്ടറി ആയി പ്രൊമോഷൻ ആയതിനു ശേഷവും അക്കൗണ്ട്സ് ഓഫീസർ തസ്തികയിൽ തുടർന്നും ജോലി ചെയ്തു വരുന്ന ശ്രീ. ഷൈൻ ജെ. യുടെ കേരള റോഡ് സുരക്ഷാ അതോറിറ്റിയിലെ അക്കൗണ്ട്സ് ഓഫീസർ തസ്തികയിലുള്ള ഡെപ്യൂട്ടേഷൻ കാലാവധി 19/06/2024 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി നീട്ടി നല്കുന്നതിനുള്ള അനുമതി നൽകണമെന്ന് കേരള റോഡ് സുരക്ഷാ കമ്മീഷണർ പരാമർശം (3) ലെ കത്ത് പ്രകാരം സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള റോഡ് സുരക്ഷാ കമ്മീഷണറുടെ ശിപാർശ പരിഗണിച്ച് ധനകാര്യ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയും നിലവിൽ കേരള റോഡ് സേഫ്റ്റി അതോറിറ്റി - യിൽ അക്കൗണ്ട്സ് ഓഫീസർ തസ്തികയിൽ അന്യത്ര സേവനമനുഷ്ഠിച്ച് വരുന്നതുമായ ശ്രീ. ഷൈൻ ജെ - യുടെ പ്രസ്തുത തസ്തികയിലെ അന്യത്ര സേവനകാലാവധി നിലവിലെ ചട്ടങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി 19.06.2024 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വിജയശ്രീ.കെ.എസ്
അഡിഷണൽ സെക്രട്ടറി

പകർപ്പ്-

റോഡ് സുരക്ഷാ കമ്മീഷണർ, കേരള റോഡ് സുരക്ഷാ അതോറിറ്റി, തിരുവനന്തപുരം.
ശ്രീ.ഷൈൻ.ജെ.ഡെപ്യൂട്ടിസെക്രട്ടറി,ധനവകുപ്പ് (ധന-ഭരണ( എ) വകുപ്പ് മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ)/ആഡിറ്റ് ),തിരുവനന്തപുരം
ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സെക്രട്ടറിയറ്റ് സബ് ട്രഷറി, തിരുവനന്തപുരം.
ധന(ഭരണ-എ) വകുപ്പ് (അനൗ.2326646/അഡ്മിൻ.എ2/21/2023 തീയതി. 24.06.2024 - ധനപ്രകാരം)
പൊതുഭരണ((സ്പെഷ്യൽ-ഇ) വകുപ്പ് (അനൗ.സ്പെഷ്യൽ-ഇ2/132/2024-പൊഭവ തീയതി.09.07.2024 പ്രകാരം)
ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻ (വെബ്& ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Biju N
Date: 31-07-2024 17:16:40
സെക്ഷൻ ഓഫീസർ